REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-04-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളം ഉൾപ്പെടെ സംസ്ഥാനങ്ങളിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ തിങ്കളാഴ്ച സമയം അവസാനിയ്ക്കും.**
- **പൗരത്വ ഭേദഗതി നിയമത്തിൽ കോൺഗ്രസ് കുറ്റകരമായ മൗനം പാലിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **NDA റോഡ് ഷോയിൽ പങ്കെടുക്കാൻ BJP ദേശീയാധ്യക്ഷൻ J.P നദ്ദ വൈകിട്ട് കോഴിക്കോട്ടെത്തും.**
- **KSRTC-യുടെ അവധിക്കാല ഉല്ലാസ യാത്രകൾക്ക് ഇന്ന് തുടക്കമായി.**
- **ഇന്ത്യ - ഓസ്ട്രേലിയ ഹോക്കി പരമ്പരയിലെ ആദ്യ മത്സരം ഉച്ചകഴിഞ്ഞ് പെർത്തിൽ.**

## വാർത്തകൾ വിശദമായി

**രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളമുൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളിൽ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മത്സരചിത്രം മറ്റന്നാൾ വ്യക്തമാകും. നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി തിങ്കളാഴ്ചയാണ് അവസാനിക്കുന്നത്.**

ജമ്മുകശ്മീരിൽ വോട്ടെടുപ്പ് നടക്കുന്ന ഒരു മണ്ഡലത്തിലെ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നാണ്.

സംസ്ഥാനത്ത് ഇന്നലെ നടന്ന സൂക്ഷ്മപരിശോധനയിൽ 204 പത്രികകളാണ് സ്വീകരിച്ചത്. 86 സ്ഥാനാർത്ഥികളുടെ പത്രികകൾ തള്ളി.

ഈ മാസം 26 നാണ് രണ്ടാംഘട്ട വോട്ടെടുപ്പ്.

✪✪✪

പൗരത്വ ഭേദഗതി നിയമത്തിൽ കോൺഗ്രസ് കുറ്റകരമായ മൗനം പാലിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടുത്തി. എന്നാൽ CPIM പ്രകടന പത്രിക CAA പിൻവലിക്കുമെന്ന് ഉറപ്പ് നൽകുന്നതായി മുഖ്യമന്ത്രി ചേർത്തലയിൽ പറഞ്ഞു.

പുത്തനമ്പലത്ത് LDF തെരഞ്ഞെടുപ്പ് യോഗത്തിൽ സംസാരിക്കുകയായിരുന്നു പിണറായി വിജയൻ.

ഉച്ചകഴിഞ്ഞ് ആലപ്പുഴ പാതിരപ്പള്ളിയിലും വൈകിട്ട് കായംകുളത്തും മുഖ്യമന്ത്രി പ്രചാരണത്തിൽ പങ്കെടുക്കും.

✪✪✪

തെരഞ്ഞെടുപ്പിൽ LDF നും UDF നും വികസനത്തെ പറ്റി ഒന്നും പറയാനില്ലെന്ന് BJP ദേശീയ നിർവാഹകസമിതി അംഗം P.K കൃഷ്ണദാസ് കുറ്റപ്പെടുത്തി. കോഴിക്കോട്ട് NDA സ്ഥാനാർത്ഥിയുടെ മൂന്നാംഘട്ട പര്യടനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജോലികൾക്കായി ഓരോ തലങ്ങളിലും നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ ഇടപെടലുകൾ സുതാര്യമായിരിക്കണമെന്ന് മലപ്പുറത്ത് തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച പൊതു നിരീക്ഷകർ നിർദ്ദേശിച്ചു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ തിരഞ്ഞെടുപ്പ് നോഡൽ ഓഫീസർമാരുടെയും ഉപ വരണാധികളുടെയും സുരക്ഷാ ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് നിർദ്ദേശം.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ അതിർത്തി ചെക്ക് പോസ്റ്റുകളിലും പരിശീലന പരിപാടികളിലും വോട്ടിങ് യന്ത്രങ്ങളുടെ സംഭരണ കേന്ദ്രങ്ങളിലും ക്യാമറ നിരീക്ഷണം ശക്തമാക്കി. ഇതിനായി കൺട്രോൾ റൂമും പ്രവർത്തിക്കുന്നുണ്ട്. അതിർത്തി ചെക്ക് പോസ്റ്റുകളിൽ സ്ഥിരം ക്യാമറകൾക്ക് പുറമെ വൈ-ഫൈ സംവിധാനത്തോടെ പ്രവർത്തിക്കുന്ന ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്.

✪✪✪

NDA തിരഞ്ഞെടുപ്പ് പ്രചരണാർത്ഥം BJP ദേശീയ അദ്ധ്യക്ഷൻ J.P നദ്ദ ഇന്ന് കോഴിക്കോട്ടെത്തും. NDA യുടെ റോഡ്ഷോയിൽ വൈകിട്ട് അദ്ദേഹം പങ്കെടുക്കും. അരയിടത്തുപാലത്ത് നിന്ന് മുതലക്കുളം വരെയാണ് റോഡ് ഷോ.

✪✪✪

ത്രികോണ മത്സരത്തിന് വേദിയൊരുങ്ങുന്ന തൃശൂർ ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ പുരോഗമികുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.......

...........വോയ്സ്.............

ലോക്സഭാ തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി കാസർകോട് ജില്ലയിൽ ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡുകളുടെ നേതൃത്വത്തിൽ ഇതുവരെ പൊതു ഇടങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും അനധികൃതമായി സ്ഥാപിച്ച 9,443 പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തു.

പൊതു ഇടങ്ങളിൽ നിന്ന് 9,329 പ്രചാരണ സാമഗ്രികളാണ് നീക്കം ചെയ്തത്.

BJP-യുടെ 44-ാം രൂപീകരണ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും ദേശീയ അധ്യക്ഷൻ J.P നദ്ദയും പാർട്ടി പ്രവർത്തകർക്ക് ആശംസകൾ നേർന്നു. പാർട്ടിക്ക് വേണ്ടി കഠിനാധ്വാനവും പോരാട്ടവും ത്യാഗവും കാഴ്ചവെച്ച മഹദ്-വ്യക്തികളെ പ്രധാനമന്ത്രി അനുസ്മരിച്ചു. ലോകത്തെ ഏറ്റവും വലിയ പാർട്ടിയായി BJP-യെ വളർത്തിയ പ്രവർത്തകരെ അമിത് ഷായും അഭിനന്ദിച്ചു.

⭘⭘⭘

നാല് ലക്ഷം വ്യാപാരികളും 46 ലക്ഷം ഉപഭോക്താക്കളുമടക്കം 50 ലക്ഷത്തോളം പേർ രാജ്യത്ത് സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസി ഉപയോഗിക്കുന്നുണ്ടെന്ന് റിസർവ് ബാങ്ക് അറിയിച്ചു. ഇതുവഴി ആകെ 2 കോടി 20 ലക്ഷം ഇടപാടുകൾ നടന്നു. ഡിജിറ്റൽ കറൻസിയുടെ ഓഫ്-ലൈൻ വിനിമയവുമായി ബന്ധപ്പെട്ട് പരിശോധനകൾ നടന്നുവരികയാണെന്ന് RBI ഡെപ്യൂട്ടി ഗവർണർ രബിശങ്കർ പറഞ്ഞു.

⭘⭘⭘

ജമ്മു കാശ്മീരിൽ ബാരാമുള്ളയിലെ ഉറി സെക്ടറിൽ നിയന്ത്രണ രേഖ കടന്ന് നുഴഞ്ഞു കയറാൻ ശ്രമിച്ച ഭീകരരെ സുരക്ഷാ സേന വധിച്ചു. ഏറ്റുമുട്ടലിനെത്തുടർന്ന്, പ്രദേശത്ത് സമഗ്രമായ തിരച്ചിലിൽ വെടിക്കോപ്പുകളും ആയുധങ്ങളും കണ്ടെടുത്തു.

⭘⭘⭘

മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷ സ്ഥാനം ഏറ്റെടുക്കാൻ വ്യക്തിപരമായ അസൗകര്യങ്ങളുണ്ടെന്ന് ജസ്റ്റിസ് മണികുമാർ ഗവർണറെയും ഹൈക്കോടതിയെയും അറിയിച്ചതായി മാധ്യമ റിപ്പോർട്ടുകൾ പറയുന്നു. അദ്ദേഹത്തിന്റെ നിയമനത്തിനെതിരെ പ്രതിപക്ഷ നേതാവടക്കം പലരും ആരോപണം ഉന്നയിച്ചിരുന്നു.

⭘⭘⭘

KSRTC ബജറ്റ് ടൂറിസം ഒരുക്കുന്ന അവധിക്കാല ഉല്ലാസയാത്രകൾക്ക് ഇന്ന് തുടക്കമായി. കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിന് പുറമേ ബോട്ടിങ്ങും കപ്പൽ യാത്രയും താമസവും ഉൾപ്പെടെയാണ് പാക്കേജ്. ദൂരവും സമയവും കണക്കാക്കി ട്രിപ്പുകൾക്ക് 450 രൂപ മുതൽ 1,830 രൂപ വരെയാണ് ചാർജ്ജ്.

ഒരുമിച്ച് ബുക്ക് ചെയ്യുന്ന റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ, സ്കൂൾ - കോളേജ് തുടങ്ങി സംഘങ്ങളായി വരുന്നവർക്ക് സൗകര്യപ്രദമായ ദിവസങ്ങളിൽ യാത്ര ചാർട്ട് ചെയ്യുമെന്നും അധികൃതർ പറഞ്ഞു.

✪✪✪

ഇസ്ലാംമത വിശ്വാസികളുടെ പുണ്യമാസമായ വിശുദ്ധ റമദാൻ അവസാന നാളുകളിലേക്ക്. ലൈലത്തുൽ ഖദ്ർ പ്രതീക്ഷിച്ച് നോമ്പിന്റെ അവസാന പത്തിൽ പ്രാർത്ഥനകളിലും ഖുർ ആൻ പാരായണത്തിലും, ദാനധർമ്മങ്ങളിലും മുഴുകിയിരിക്കുകയാണ് വിശ്വാസികൾ. ഒരു രാത്രിയിലെ കർമ്മങ്ങൾക്ക് ആയിരം മാസത്തെ കർമ്മങ്ങളേക്കാൾ പ്രതിഫലം ലഭിക്കുമെന്ന വിശ്വാസത്തോടെയാണ് വിശ്വാസികൾ പ്രാർത്ഥനയിൽ മുഴുകുന്നത്. അവസാന പത്തിലെ ഒറ്റയിട്ട രാവുകളിലാണ് ലൈലത്തുൽ ഖദ്ർ എന്നാണ് വിശ്വാസം.

✪✪✪

റമളാൻ ഇരുപത്തിയേഴാം രാവ് പ്രാർത്ഥനാ സമ്മേളനത്തിന് മലപ്പുറം സ്വലാത്ത് നഗർ ഒരുങ്ങി. ഉച്ചക്ക് ഒരു

മണി മുതൽ രാത്രി മൂന്നു മണി വരെ നീളുന്ന പ്രാർത്ഥനാ സമ്മേളനത്തിൽ പങ്കെടുക്കാൻ നിരവധി വിശ്വാസികളെത്തും.

✪✪✪

കണ്ണൂർ പാനൂരിനടുത്തുണ്ടായ ബോംബ് സ്ഫോടനത്തെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചു. കൂത്തുപറമ്പ് ACP കെ.വി. വേണുഗോപാലിന്റെ നേതൃത്വത്തിലാണ് അന്വേഷണം.

സ്ഫോടനത്തിൽ ഒരാൾ മരിക്കുകയും മൂന്നു പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

✪✪✪

പൂക്കോട് വെറ്ററിനറി കോളജിലെ രണ്ടാം വർഷ വിദ്യാർത്ഥി J.S സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം CBI യ്ക്ക് കൈമാറി കേന്ദ്രഗവൺമെന്റ് വിജ്ഞാപനമിറക്കി. പ്രാഥമിക അന്വേഷണത്തിന് ഇന്നലെ രാത്രി കണ്ണൂരിലെത്തിയ CBI സംഘം ഇന്ന് വയനാട്ടിലെത്തും.

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ അഞ്ച് മത്സര ഹോക്കി പരമ്പരയ്ക്ക് ഇന്ന് ഓസ്ട്രേലിയയിലെ പെർത്തിൽ തുടക്കമാകും. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് രണ്ടിനാണ് ആദ്യ മത്സരം.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി മത്സരിക്കും. വൈകിട്ട് ഏഴരയ്ക്ക് ഗുവാഹത്തിയിലാണ് മത്സരം.

വൈകിട്ട് അഞ്ചിന് ഡൽഹിയിൽ പഞ്ചാബ് FC, ATK മോഹൻ ബഗാനെ നേരിടും.

✪✪✪

ഖസാക്കിസ്ഥാൻ അന്താരാഷ്ട്ര ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ അനുപമ ഉപാധ്യായയും ഇഷാറാണി ബറുവയും വനിതാ സിംഗിൾസ് ഫൈനലിൽ പ്രവേശിച്ചു.

പുരുഷ സിംഗിൾസിൽ തരുൺ മണ്ണേപ്പള്ളിയും ഫൈനലിലെത്തി. താരം ഫൈനലിൽ മലേഷ്യൻ താരത്തെ നേരിടും.

മിക്സഡ് ഡബിൾസിൽ ഇന്ത്യൻ ജോഡിയായ സഞ്ജയ് ശ്രീവത്സ ധനരാജ്-മനീഷ കെ സഖ്യം മലേഷ്യൻ സഖ്യത്തെ നേരിടും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സിനെ നേരിടും. ജയ്പൂരിൽ വൈകിട്ട് 7.30 നാണ് മത്സരം.

ഇന്നലെ സൺറൈസേഴ്സ് ഹൈദരാബാദ്, ചെന്നൈ സൂപ്പർ കിംഗ്സിനെ 6 വിക്കറ്റിന് പരാജയപ്പെടുത്തി.

✪✪✪

വിഷു പൂജയ്ക്കായി ശബരിമല ക്ഷേത്രനട ഈ മാസം 10ന് തുറക്കും. 11 മുതൽ 18 വരെ രാവിലെ നെയ്യഭിഷേകത്തിനും സൗകര്യമുണ്ട്.

✪✪✪

സ്വർണ വിലയിൽ ഇന്ന് വൻ വർദ്ധന. പവന് 960 രൂപ വർദ്ധിച്ച് 52,280 രൂപയായി - 6,535 രൂപയാണ് ഗ്രാമിന്റെ വില.

✪✪✪

CPIM തൃശൂർ ജില്ലാ കമ്മറ്റിയുടെ ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചു. ആദായ വകുപ്പിന്റെ അന്വേഷണത്തിലാണ് നടപടി. ഇന്നലെ ആദായ നികുതി വകുപ്പ് നടത്തിയ പരിശോധനയിൽ ആദായ നികുതി റിട്ടേണിൽ ഈ അക്കൗണ്ട് കാണിച്ചിട്ടില്ല എന്ന് കണ്ടെത്തിയിരുന്നു.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിന് സർജിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്ത ഇനത്തിൽ കുടിശികയായ 23 കോടി 14 ലക്ഷം രൂപ അടയ്ക്കാത്തതിനെ തുടർന്ന് ഈ മാസം ഒന്നു മുതൽ കമ്പനി വിതരണം നിർത്തിയെന്ന പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടു.

ആരോഗ്യ വകുപ്പ് സെക്രട്ടറി ഇക്കാര്യം പരിശോധിച്ച് രണ്ടാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു.

✪✪✪

അന്തരിച്ച K.S.T.A പ്രഥമ ജനറൽ സെക്രട്ടറി കണ്ണൂർ തളിപറമ്പ് കരിമ്പത്തെ കെ. ബാലകൃഷ്ണൻ നമ്പ്യാരുടെ സംസ്കാരം വൈകീട്ട് മൂന്നിന് കൂനം പൊതുശ്മശാനത്തിൽ നടത്തും.

✪✪✪

കോട്ടയം നീലിമംഗലത്ത് ട്രാക്ക് അറ്റകുറ്റപ്പണിക്കിടെ ട്രെയിൻ തട്ടി റെയിൽവേ ജീവനക്കാരൻ മരിച്ചു. കോട്ടയം നട്ടാശ്ശേരി വടുതലയിൽ ബിജു മാത്യൂ ആണ് മരിച്ചത്. കുമാരനല്ലൂർ തൃക്കയിൽ കോളനിക്ക് സമീപം ഇന്നലെ വൈകിട്ടായിരുന്നു അപകടം.

✪✪✪

മൂവാറ്റുപുഴയിൽ അതിഥി തൊഴിലാളിയായ അരുണാചൽപ്രദേശ് സ്വദേശി അശോക് ദാസ് കൊല്ലപ്പെട്ടത് ആൾക്കൂട്ട മർദനത്തെ തുടർന്നാണെന്ന് പൊലീസ് വ്യക്തമാക്കി. കസ്റ്റഡിയിലെടുത്ത പത്തു പേരുടെയും അറസ്റ്റ് രേഖപ്പെടുത്തി.

✪✪✪